അനുസ്മരണം

# ആഇശ അബ്ദുർറഹ്മാൻ



**കോഴിക്കോട്** മലാപ്പറമ്പിലെ സി. അബ്ദുർറഹ്മാൻ സാഹിബിന്റെ ഭാര്യ ആഇശ(49) 2008 ഡിസംബർ 12-ന് നിര്യാതയായി. അചഞ്ചലമായ ഈമാനും തളരാത്ത കർമശേഷിയും കൊണ്ട് ധന്യമായിരുന്നു ആ ജീവിതം. സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ വിലമതിക്കാനാവാത്ത സേവനങ്ങളാണ് അവർ കാഴ്ചവെച്ചത്. കോഴിക്കോട് കടലോരപ്രദേശമായ വെള്ളയിലെ ദരിദ്രരും വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ പിന്നാക്കം നിൽക്കുന്നവരുമായ വിഭാഗത്തിന്റെ ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട 'മെസ്സേജി'ന്റെയും, ഖുർആനിക വെളിച്ചം സാധാരണക്കാർക്കുകൂടി പകർന്നുകൊടുക്കുന്ന ഖുർആൻ സ്റ്റഡിസെന്റർ കേരളയുടെ സിറ്റി വനിതാ ഘടകത്തിന്റെയും രൂപീകരണത്തിലും നടത്തിപ്പിലും അവരുടെ പങ്ക് എടുത്ത് പറയേണ്ടതാണ്.

ആഇശ തന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത് വിശുദ്ധ ഖുർആനെയായിരുന്നു. ഖുർആനോടുള്ളതിനേക്കാൾ മറ്റൊന്നിനോടുമുള്ള സ്നേഹം അവരുടെ മനസ്സിനെ കീഴടക്കിയിരുന്നില്ല. വിശുദ്ധഖുർആൻ മനോഹരമായി പാരായണം ചെയ്യുക, ഹൃദിസ്ഥമാക്കുക, ഗഹനമായ അതിന്റെ ആശയലോകത്തേക്ക് ഇറങ്ങിച്ചെല്ലുക എന്നതിനോളം ഇമ്പമേറിയ മറ്റൊന്നും ആ ജീവിതത്തിലുണ്ടായിരുന്നില്ല. നിത്യവും ഒരു നിശ്ചിതഭാഗം മനപ്പാഠമാക്കലും അവയത്രയും തഹജ്ജുദ് നമസ്കാരത്തിൽ പാരായണം ചെയ്യലും പതിവ് ശീലമായിരുന്നു.

കഴിഞ്ഞ പത്തു വർഷത്തോളമായി കോഴിക്കോട് ഹിറാസെന്ററിലെ വനിതാ ഖുർആൻ സ്റ്റഡിസെന്ററിലെ പഠിതാവായിരുന്നു. മാരകരോഗം വല്ലാതെ തളർത്തിയ ശേഷവും ഏറെ പ്രയാസപ്പെട്ടാണെങ്കിലും മുടക്കം കൂടാതെ ക്ലാസിൽ ഹാജറാവുമായിരുന്നു.

ആഴ്ചവട്ടത്തുനിന്ന് സാമാന്യം സൗകര്യമുള്ള മലാപ്പറമ്പിലെ പുതിയ വീട്ടിലേക്ക് താമസം മാറ്റിയപ്പോൾ നമുക്കിതിനെ ഒരു ഖുർആൻ ഹൗസാക്കണം എന്ന് പറയുകയുണ്ടായി. ദീർഘകാലത്തെ കുവൈത്ത് ജീവിതം അവസാനിപ്പിച്ച് നാട്ടിൽ ഒതുങ്ങിക്കഴിയാൻ തീരുമാനിച്ചതുതന്നെ ഖുർആൻ പഠിക്കണമെന്ന താൽപര്യത്തോടെയാണെന്ന് ഒരിക്കൽ പറഞ്ഞത് ഓർക്കുന്നു.

തന്റെ ഇസ്‌ലാമിക മാർഗത്തിലെ പ്രയാണത്തിൽ ഭർത്താവിന്റെ സഹായവും പ്രോത്സാഹനവും അവർക്ക് ലഭിച്ചു. മർഹമത്തും മഗ്ഫിറത്തും നൽകി അല്ലാഹു അവരെ അനുഗ്രഹിക്കുമാറാകട്ടെ.

**കെ.പി.കെ ആക്കോട്**